## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4080

16.03.2017-ൽ മറുപടിയ്ക്ക്

### വേനലിൽ കാട്ടുതീ തടയുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികൾ

**ചോദ്യം**

ശ്രീ.ടി. വി. ഇബ്രാഹിം
ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. പി.കെ.ബഷീർ
ശ്രീ. പാറക്കൽ അബ്ദുല്ല

**ഉത്തരം**

അഡ്വ.കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) വേനലിൽ കാട്ടുതീ തടയുന്നതിന് വേണ്ടി സ്ഥിരം/താത്ക്കാലിക ജീവനക്കാരെ പ്രത്യേകമായി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(എ) വേനലിൽ കാട്ടുതീ തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി താൽക്കാലിക ജീവനക്കാരുടെ സേവനം ഉപയോഗിച്ചുവരുന്നു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | താൽക്കാലിക ഫയർ വാച്ചർമാരുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 262 |
| 2. | കൊല്ലം | 378 |
| 3. | പത്തനംതിട്ട | 132 |
| 4. | കോട്ടയം | 30 |
| 5. | ഇടുക്കി | 586 |
| 6. | എറണാകുളം | 89 |
| 7. | തൃശ്ശൂർ | 284 |
| 8. | പാലക്കാട് | 318 |
| 9. | മലപ്പുറം | 198 |
| 10. | വയനാട് | 442 |
| 11. | കോഴിക്കോട് | 144 |
| 12. | കണ്ണൂർ | 71 |
| 13. | കാസർഗോഡ് | 38 |
| | ആകെ | 2972 |

| | |
|---|---|
| (ബി) കാട്ടുതീ സാധ്യത മുൻനിർത്തി വന്യജീവി സങ്കേതങ്ങളിൽ സന്ദർശന സമയങ്ങളിൽ ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) വരൾച്ച രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ കാട്ടുതീ സാധ്യത മുൻനിർത്തി വന്യജീവി സങ്കേതങ്ങളിലും ദേശീയ ഉദ്യാനങ്ങളിലും സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇരവികുളം ദേശീയ ഉദ്യാനത്തിൽ 2017 ഫെബ്രുവരി 1 മുതൽ ഏപ്രിൽ 1 വരെയും, വയനാട് വന്യജീവി സങ്കേതം. സൈലന്റ് വാലി ദേശീയ ഉദ്യാനം എന്നിവിടങ്ങളിൽ ഫെബ്രുവരി 21 മുതൽ മാർച്ച് 31 വരെയും സന്ദർശകർക്ക് പ്രവേശനം നിരസിച്ചുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അഗസ്ത്യ വനം ബയോളജിക്കൽ പാർക്കിന് കീഴിലെ ശെന്തുരുണി ഇക്കോട്ടൂറിസത്തിന്റെ ഭാഗമായുള്ള ജംഗിൾ സഫാരിയും മണ്ണാർക്കാട് ഡിവിഷനു കീഴിലെ ശിരുവാണി ഇക്കോട്ടൂറിസം മേഖലയിലേയ്ക്കുള്ള സന്ദർശകർക്കുള്ള പ്രവേശനവും താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. കോഴിക്കോട് ഡിവിഷനു കീഴിലുള്ള മലബാർ വന്യജീവി സങ്കേതത്തിലേയ്ക്കുള്ള സന്ദർശക പ്രവേശന സമയങ്ങളിലും ക്രമീകരണം വരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**